സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 5-12

പാലൈ
PALAI பாலை
ISSN No: 3049-0316

# ആധുനികതയുടെ ഉടമ്പടിരേഖകൾ ആദ്യകാല മലയാളചെറുകഥകളിൽ



**ഡോ. എം. ലിനീഷ്***

**സംഗ്രഹം**

കൊളോണിയൽ ആധുനികതയുടെ സന്ദർഭത്തിൽ ഇവിടെ രൂപം കൊണ്ട ചെറുകഥ എന്ന സാഹിത്യരൂപം രൂപതലത്തിൽ മാത്രമല്ല ഭാവതലത്തിലും നവീനമായിരുന്നു എന്ന സങ്കൽപമാണ് പൊതുവെ പങ്കുവെക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ പിറന്ന നോവലുകളെപ്പോലെയുള്ള നവീനമായ ഒരു ഭാവുകത്വപരിസരമല്ല അതേകാലത്ത് തന്നെ എഴുതപ്പെട്ട ചെറുകഥകൾ പ്രകടിപ്പിച്ചത് എന്ന വാദമാണ് ഈ പ്രബന്ധം മുന്നോട്ടുവെക്കുന്നത്. ആധുനികതയുടേതായ ഒരു പശ്ചാത്തലത്തിൽ രൂപപ്പെട്ടു എന്ന് തോന്നുമ്പോഴും അവ മുന്നോട്ടുവെക്കുന്ന മൂല്യങ്ങൾ ഫ്യൂഡലാണെന്ന് സ്ഥാപിക്കാനാണ് ഈ പ്രബന്ധം വഴി ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ:** ആധുനികത, കൊളോണിയൽ ആധുനികത, കീഴാള ആധുനികത

മലയാളസാഹിത്യവുമായി ബന്ധപ്പെട്ട് വ്യവഹരിക്കുമ്പോൾ ആധുനികത എന്ന പദം പൊതുവെ ആയിരത്തിത്തൊള്ളായിരത്തി അറുപതുകൾക്കുശേഷം മലയാളസാഹിത്യത്തിലുണ്ടായ ഭാവുകത്വപരിണാമത്തിന് വിളിച്ചുപോരുന്ന പേരാണ്.കൊളോണിയൽ ദേശരാഷ്ട്രമാതൃകയെ പിന്തുടർന്ന്, സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട ദേശരാഷ്ട്രത്തിന്റെ പ്രവർത്തനപരിപാടികളിൽ അസംതൃപ്തരും, നിരാശരുമായി മാറിയ അഭ്യസ്തവിദ്യരായ യുവജനതയുടെ സാഹിത്യപ്രവർത്തനസംരംഭം എന്ന നിലയിൽ ആധുനികസാഹിത്യത്തെ നിരൂപകർ വിലയിരുത്തുന്നുണ്ട് (പവിത്രൻ,2000:24).ആധുനികതയുടെ രാഷ്ട്രീയപദ്ധതികളിലൊന്നായ ദേശീയതയെ പരിഹസിച്ചുകൊണ്ട് എഴുതപ്പെട്ട സാഹിത്യകൃതികളുടെ ഈ ഘട്ടത്തെ ആധുനികതാവാദം എന്ന സംജ്ഞ കൊണ്ട് സൂചിപ്പിക്കുന്നത് ആശയവ്യക്തത ലഭിക്കാൻ ഉപകരിക്കും. ജോലി തേടിയും, വിദ്യാഭ്യാസത്തിനുമായി മഹാനഗരങ്ങളിൽ പാർപ്പുറപ്പിച്ച സ്വാതന്ത്ര്യാനന്തരയുവത്വം നേരിട്ട അന്യവൽക്കരണത്തിന്റെയും, സ്വത്വനഷ്ടത്തിന്റെയും ആവിഷ്ക്കാരങ്ങൾ എന്ന നിലയിലും ആധുനികസാഹിത്യത്തെ വിലയിരുത്താറുണ്ട്. ഇവിടെ ആധുനികത എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ബ്രിട്ടീഷ് അധിനിവേശവുമായി ബന്ധപ്പെട്ട കൊളോണിയൽ ആധുനികതയും അതിനോടുള്ള പ്രതികരണാത്മകമായി രൂപംകൊണ്ട നവപ്രവണതകളെയുമാണ്.

* അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി

 ISSN No: 3049-0316 

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്പിൽ രൂപപ്പെട്ട പ്രബുദ്ധതാവാദവും അതിന്റെ ജ്ഞാനപദ്ധതികൾ രൂപം നൽകിയ ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങളും ഉണ്ടാക്കിയ പരിവർത്തനങ്ങളുടെ ആകെത്തുകയായിരുന്ന യൂറോപ്യൻ ആധുനികത. യൂറോപ്യൻ അധിനിവേശങ്ങൾക്ക് അടിസ്ഥാനമായി വർത്തിച്ച പ്രബുദ്ധതയുടെ ചിന്താപദ്ധതികളും, അതിന്റെ സാങ്കേതിക ഉൽപന്നങ്ങളും അധിനിവേശം നടന്ന പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാൻ യൂറോപ്യർ ശ്രമിച്ചു. ബ്രിട്ടീഷ് അധിനിവേശം നടന്ന ഇടം എന്ന നിലയിൽ ഇന്ത്യയിലും അത്തരം ശ്രമങ്ങൾ ഉണ്ടായി. അച്ചടിവിദ്യ, ആവിയന്ത്രം, നൂൽനൂൽപ്പയന്ത്രം, തീവണ്ടി, വൈദ്യുതി, കമ്പിയില്ലാക്കമ്പി, വെടിമരുന്ന്, അലോപ്പതി, തോക്ക് എന്നിവയുടെ കണ്ടെത്തലും കോടതി, പാർലമെന്റ്, ആശുപത്രി, ഭ്രാന്താലയങ്ങൾ എന്നീ സ്ഥാപനങ്ങൾ, സെൻസസ്, മിഷണറി പ്രവർത്തനം, ചരിത്രഗവേഷണം എന്നിവയും യൂറോപ്യൻ ആധുനികതയുടെ ഫലങ്ങളാണ്. അതോടൊപ്പം റെനെ ദെക്കാത്തെയുടെ കാർട്ടീഷ്യൻ ചിന്ത, കോപ്പർനിക്കസിന്റെ സൗരകേന്ദ്രിതസിദ്ധാന്തം, ഐസക് ന്യൂട്ടന്റെ ഭൗതിക-ഗണിതശാസ്ത്ര കണ്ടെത്തലുകൾ, ഫ്രഞ്ചുവിപ്ലവത്തിന് വിത്തു പാകിയ റൂസ്സോ, വോൾട്ടയർ എന്നിവരുടെ രാഷ്ട്രീയചിന്തകൾ,ഡാർവ്വിന്റെ പരിണാമസിദ്ധാന്തം എന്നിവയും യൂറോകേന്ദ്രിത ആധുനികതയുടെ ഫലങ്ങളാണ് (രാജൻ, 2005:8). പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ കോളനിരാജ്യങ്ങളിലേക്കും അവയിൽ മിക്കതിന്റെയും വ്യാപനം ഉണ്ടായി. യൂറോപ്യൻ നവോത്ഥാന മൂല്യങ്ങളും, വ്യവസായവിപ്ലവത്തിന്റെ ഫലമായുണ്ടായ ഭൗതികരൂപങ്ങളും കോളനീകരണത്തിന്റെ ഉപകരണങ്ങൾ എന്ന നിലയിൽ ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെടുകയായിരുന്നു. അവയുടെ വ്യാപനം ഇവിടത്തെ സാമൂ ഹ്യനിലകളിൽ പുനർക്രമീകരണങ്ങൾ ഉണ്ടാക്കി.

കൊളോണിയൽ ആധുനികത ഇവിടത്തെ സാഹിത്യത്തിലും നവപരിവർത്തനങ്ങൾ ഉണ്ടാക്കി. ഫ്യൂഡൽ സംസ്കാരത്തിന്റെ ഉൽപന്നങ്ങളായ സാഹിത്യകൃതികളിൽ നിന്ന് വ്യത്യസ്തമായി, രൂപംകൊണ്ടും ഭാവം കൊണ്ടും നവീനത ദർശിച്ച പുതിയ സാഹിത്യയിനങ്ങൾ ഇവിടെ പിറവി കൊണ്ടു. കേരളത്തിലെ ഫ്യൂഡൽ പാരമ്പര്യസമൂഹത്തിന്റെ ജഡാത്മകഘടനയിൽ കൊളോണിയൽ ആധുനികതയുടെ ഇടപെടൽ കേവലം പുതിയ സാഹിത്യരൂപങ്ങളുടെ പിറവിക്ക് മാത്രമല്ല കാരണമായത്, മറിച്ച് ആ ഇനങ്ങളുടെ പിറവിക്ക് കാരണമായ ഒരു സംസ്കാരം ആദ്യം രൂപപ്പെട്ടുവരികയാണുണ്ടായത്.ആ ഒരു സംസ്കാരം യഥാർത്ഥത്തിൽ പാലാഴിമഥനം പോലെ രണ്ട് വിരുദ്ധശക്തികൾ തമ്മിലുള്ള വലിവുബലങ്ങളുടെ സമ്മർദ്ദത്തിൽ രൂപപ്പെട്ട ഒന്നായിരുന്നില്ല. മറിച്ച് മൃതാവസ്ഥയിൽ തുരുമ്പിരിച്ചുനിന്ന ഒരു സാമൂഹ്യാവസ്ഥയുടെ മേൽ പുതിയ ദർശനപദ്ധതികളും അതിന്റെ ഉപകരണങ്ങളും പ്രവർത്തിച്ചതിന്റെ ഫലമായി ആധുനികമെന്ന തോന്നിപ്പിക്കുന്ന ഒരു കവചം രൂപപ്പെട്ടുവരികയായിരുന്നു. പ്രത്യക്ഷത്തിൽ നവീനമെന്ന് തോന്നുമെങ്കിലും അതിന്റെ ഉള്ളടക്കത്തിൽ ഫ്യൂഡൽ മൂല്യങ്ങളെ ഒളിപ്പിച്ചുവെച്ചതു കാണാം.

മലയാളത്തിൽ ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ ആരംഭത്തെ ഈ ഒരു പശ്ചാത്തലത്തിൽ നിന്നുവേണം പരിശോധിക്കാൻ.1881ൽ 'വിദ്യാവിലാസിനി'യിൽ വന്ന 'ഒരു കല്ലൻ' എന്ന കഥയെ ചെറുകഥാചരിത്രകാരന്മാരിൽ ചിലർ മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിക്കുന്നു.എന്നാൽ ലക്ഷണമൊത്ത ആദ്യത്തെ ചെറുകഥ എന്ന പദവി, 1891 ൽ 'വിദ്യാവിനോദിനി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയ 'വാസനാവികൃതി'ക്കാണ് നൽകപ്പെടുന്നത്. പിന്നീട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിലും, ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ രണ്ടു ദശകങ്ങളിലുമായി വിദ്യാവിനോദിനി, വിദ്യാവിലാസിനി, രസികരഞ്ജിനി, ശാരദ, ഭാഷാപോഷിണി, വിവേകോദയം, മലയാളമനോരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ മലയാള ചെറുകഥ വികാസം പ്രാപിക്കാൻ തുടങ്ങി.കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, എം.ആർ.കെ.സി, മൂർക്കോത്ത് കുമാരൻ, കെ. സുകുമാരൻ, സി.പി. അച്യുതമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അപ്പൻ തമ്പുരാൻ, അമ്പാടി നാരായണപ്പൊതുവാൾ, ഇ.വി. കൃഷ്ണപ്പിള്ള തുടങ്ങിയവരാണ് ആദ്യകാല കഥാകൃത്തുക്കളിൽ പ്രധാനപ്പെട്ടവർ.

മലയാള ചെറുകഥകളെക്കുറിച്ച് പഠിച്ചിട്ടുള്ള പാരമ്പര്യ നിരൂപകരൊന്നും ആദ്യകാല കഥകളെ ഗൗരവപ്രധാനങ്ങളായി എടുത്തിരുന്നില്ല. ഒരു സാഹിത്യരൂപം വളർച്ച പ്രാപിച്ചുവരുന്ന ഘട്ടത്തിലെ രചനാസാഹസങ്ങൾ എന്ന നിലയിൽ അവയെ വിലയിരുത്താനാണ് അവർ ശ്രമിച്ചത്. 'മലയാള ചെറുകഥാസാഹിത്യചരിത്രം' എഴുതിയ ഡോ. എം.എം. ബഷീർ ആദ്യകാല ചെറുകഥകളെക്കുറിച്ചുള്ള വിവരണം നൽകിയ ശേഷം ആ ഭാഗം ഇങ്ങനെ സംഗ്രഹിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാള ചെറുകഥകൾ പൊതുവെ ഗൗരവത്തോടെ രചിക്കപ്പെട്ടവയല്ല. ദൃഢസംബന്ധിയായ ഇതിവൃത്തങ്ങളോ സൂക്ഷ്മമായ സ്വഭാവചിത്രീകരണങ്ങളോ യഥാതഥമായ

ISSN No: 3049-0316


വർണ്ണനകളോ അപൂർവമായേ ആ കഥകളിൽ കാണാനാവൂ. യുക്തിരാഹിത്യത്തെയോ അസ്വാഭാവികതയെയോ കണക്കിലെടുക്കാതെ രസിപ്പിക്കാൻ വേണ്ടി കഥ പറയുന്ന രീതിയാണ് മിക്കവാറും കഥാകൃത്തുകൾ സ്വീകരിച്ചുകാണുന്നത്. (ബഷീർ, 2002 : 76)

'ചെറുകഥ ഇന്നലെ ഇന്ന് 'എന്ന പുസ്തകത്തിൽ ഡോ. എം.അച്യുതനും ഇതേ മട്ടിലുള്ള ഒരു അഭിപ്രായം രേഖപ്പെടുത്തുന്നു. 'രസികന്മാരായ തറവാടികൾ' എന്ന് ആദ്യകാല കഥാകൃത്തുക്കളെ പരിചയപ്പെടുത്തുന്ന അച്യുതൻ ഇങ്ങനെ എഴുതുന്നു.

കഥ കൊണ്ട് ആളുകളെ രസിപ്പിക്കുന്നവരാണ് പഴയ കഥാകാരന്മാർ. ജീവിതവിമർശവും പ്രബോധനവുമില്ല, വിനോദമാണ് മുഖ്യലക്ഷ്യം (അച്യുതൻ, 2007:71)

ഈ കഥകളുടെ ബാഹ്യതലത്തിലെ നിരീക്ഷണത്തിൽ അവയെ കേവലം നേരമ്പോക്കു കഥകൾ എന്ന നിലയിൽ തള്ളിക്കളയാമെങ്കിലും ഒരു സവിശേഷ സാംസ്കാരിക പരിണാമ സന്ദർഭത്തിന്റെ സൂചകങ്ങൾ എന്ന നിലയ്ക്ക് അവയ്ക്ക് സവിശേഷപ്രാധാന്യം ഉണ്ട്. ആധുനികമൂല്യങ്ങളുടെ സംക്രമണം നടക്കുകയും എന്നാൽ പാരമ്പര്യത്തിന്റെ പൂർവ്വാംശങ്ങളെ പൂർണ്ണമായും കുടഞ്ഞെറിയാതിരിക്കാൻ കഴിയാതിരിക്കുകയും ചെയ്ത സാമൂഹ്യസന്ദർഭത്തെ അവ രേഖപ്പെടുത്തുന്നുണ്ട്.കൊളോണിയൽ ആധുനികതയുടെയും, ഫ്യൂഡൽ പാരമ്പര്യത്തിന്റെയും ആന്തരികസഖ്യത്തിന്റെ ഉടമ്പടി രേഖകൾ അവയിൽ നിന്നും വായിച്ചെടുക്കാനാവും.

## ആധുനികതയും ആധുനികസാഹിത്യവും

പുതിയ സാങ്കേതികവിദ്യകളുടെ പ്രയോഗം സാമൂഹ്യജീവിതത്തിൽ ഉണ്ടാക്കിയ ആധുനിക പ്രവണതകളെക്കുറിച്ച് തന്റെ 'ആധുനികതയുടെ രാഷ്ട്രീയം (The Politics of Modernisation) എന്ന പുസ്തകത്തിൽ ചർച്ച ചെയ്യുന്ന റെയ്മണ്ട് വില്യംസ് (Raymond Williams) യൂറോപ്യൻ ആധുനികസാഹിത്യത്തിന്റെ പിറവിയെ അവിടങ്ങളിലെ മഹാനഗരങ്ങളുടെ വളർച്ചയുമായി ബന്ധിപ്പിക്കുന്നു. വ്യവസായവിപ്ലവാനന്തരം ഇംഗ്ലണ്ടടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിലെ സാധാരണപട്ടണങ്ങൾ മഹാനഗരങ്ങളായി വികസിച്ചുവന്നു. ലോകത്തിന്റെ വിവിധ കോണുകളിലുള്ള കോളനിരാജ്യങ്ങളിൽ നിന്നും അസംസ്കൃതവസ്തുക്കൾ എത്തിച്ചേരുകയും അവയുപയോഗിച്ച് വൻതോതിലുള്ള ഉത്പാദനം നടക്കുകയും ചെയ്ത പട്ടണങ്ങളുടെ വികാസം അമ്പരപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. 'ലണ്ടൻ, വെസ്റ്റ്മിനിസ്റ്റർ, മാഞ്ചസ്റ്റർ തുടങ്ങിയ ഇംഗ്ലണ്ടിലെ വൻനഗരങ്ങൾ ഈ സന്ദർഭത്തിൽ വികസിച്ചുവന്നവയാണ്. ക്രമരഹിതമായി നിലകൊള്ളുന്ന കൂറ്റൻ കെട്ടിടങ്ങൾ, ഊടുവഴികൾ, ചേരികൾ, അധോലോകകേന്ദ്രങ്ങൾ എന്നിവയെല്ലാമടങ്ങിയ മഹാനഗരങ്ങളിലെ ജീവിതം ഉണ്ടാക്കിയ മൂല്യനിരാസം ആധുനികസാഹിത്യത്തിന്റെ അടിസ്ഥാനമായി വർത്തിച്ചതായി റെയ്മണ്ട് വില്യംസ് വിലയിരുത്തുന്നു.അപരിചിതരായ ആൾക്കൂട്ടം പാർക്കുന്ന നഗരങ്ങൾ ഉണ്ടാക്കിയ അന്യതാബോധം പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സാഹിത്യത്തിന്റെ സ്വഭാവത്തെ നിർണ്ണയിച്ചിട്ടുണ്ട്(RaymondWilliams,1996:41).അന്യവൽക്കരണം, ഏകാന്തത, ഒറ്റപ്പെടൽ എന്നിങ്ങനെ നഗരജീവിതവുമായി ബന്ധപ്പെട്ട് വ്യക്തി അനുഭവിച്ച പ്രശ്നങ്ങൾ സാഹിത്യകൃതികളിൽ ആവിഷ്കരിക്കപ്പെട്ടു.

എന്നാൽ ഇംഗ്ലണ്ടിലെ മഹാനഗരങ്ങളുടെ സ്വഭാവത്തിലേക്ക് ഇന്ത്യയിലെ ഒരു നഗരവും അന്നു വളർന്നുവന്നിരുന്നില്ല എന്നു കാണാം. ബ്രിട്ടീഷ് കൊളോണിയൽ സ്റ്റേറ്റിന്റെ പ്രധാന സ്ഥലികൾ എന്ന നിലയിൽ ബോംബെ, കൽക്കത്ത, മദ്രാസ് എന്നീ പട്ടണങ്ങൾ വളർന്നിരുന്നെങ്കിലും അവയൊരിക്കലും ഇംഗ്ലണ്ടിലെ മഹാനഗരങ്ങളുടെ നിലവാരത്തിലേക്കെത്തപ്പെട്ടിരുന്നില്ല. അതു കൊണ്ടുതന്നെ നഗരജീവിതം ഉണ്ടാക്കിയ അന്യവൽക്കരണവും, ഒറ്റപ്പെടലും കോളനീകരണഘട്ടത്തിൽ ഇവിടെ രൂപപ്പെട്ട സാഹിത്യകൃതികളെ സ്വാധീനിച്ചില്ല. (അത് ഇവിടെ യഥാർത്ഥത്തിൽ സംഭവിച്ചതാകട്ടെ 1960 കൾക്കുശേഷമാണ്"). എന്നാൽ ഈ നിലയ്ക്കല്ലെങ്കിലും കൊളോണിയൽ ആധുനികതയുടെ കേരളീയപരിസരം സവിശേഷ നിലയിൽ ആദ്യകാലസാഹിത്യകൃതികളെ രൂപപ്പെടുത്തിയിട്ടുണ്ട്. ആദ്യകാലകഥകളിലും അതിന്റെ മുദ്രകൾ പതിഞ്ഞിട്ടുണ്ട്.

## നീതിനിർവ്വഹണവും ആധുനിക സ്ഥാപനങ്ങളും

നീതിനിർവ്വഹണത്തിൽ പ്രാകൃതരീതികൾ അവലംബിച്ച ഫ്യൂഡൽ കാലഘട്ടത്തിൽ നിന്നും വിഭിന്നമായ കുറ്റാന്വേഷണ രീതികളും, ശിക്ഷാവിധികളും ബ്രിട്ടീഷ് കൊളോണിയൽ സ്റ്റേറ്റിന്റെ സ്ഥാപനത്തോടെ ഇവിടെ നിലവിൽ വന്നു. ഫ്യൂഡൽ വ്യവസ്ഥയിൽ കൊലപാതകമടക്കമുള്ള കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ

ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു നിർണ്ണയിച്ചിരുന്നത്. പശുവിനെ കൊന്ന പുലയൻ ചിത്രവധത്തിന് വിധേയനാവുകയും, മനുഷ്യനെ കൊന്ന ബ്രാഹ്മണൻ കാര്യമായ ശിക്ഷയൊന്നും കിട്ടാതെ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്ത ഒരു പ്രാകൃതവ്യവസ്ഥ ഇവിടെ നിലവിലുണ്ടായിരുന്നു. ഒരു കുറ്റവുമായി ബന്ധപ്പെട്ട ശരിതെറ്റുകളെ ശാസ്ത്രീയമായി വിശകലനം ചെയ്യാതെ ഒരുതരം ആത്മീയവിചാരണയായിരുന്നു നിലവിലുണ്ടായിരുന്നത്. കുറ്റകൃത്യം ആരോപിക്കപ്പെട്ട വ്യക്തിയെ യുക്തിനിഷ്ഠമായി വിചാരണ ചെയ്യാതെ അഗ്നിപരീക്ഷ, ജലപരീക്ഷ, വിഷപരീക്ഷ എന്നിങ്ങനെ വിചാരണയും ശിക്ഷയും ഒരേസമയം നടപ്പിലാക്കുന്ന കാട്ടുനീതികളിലൂടെ ശിക്ഷിച്ചു. എന്നാൽ ബ്രിട്ടീഷ് നിയമക്രമത്തിന്റെ സ്ഥാപനത്തോടെ ഒരു കുറ്റകൃത്യം നടന്നാൽ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ പോലീസ് സംവിധാനവും, അതിന്റെ തുടർച്ചയായി വാദിക്കും, പ്രതിക്കും തങ്ങളുടെ വാദങ്ങൾ അവതരിപ്പിക്കാൻ കോടതികളും സ്ഥാപിക്കപ്പെട്ടു. പോലീസിന്റെയും, കോടതിയുടെയും നീതിനിർവ്വഹണത്തിൽ സാമൂഹ്യമേൽക്കോയ്മകൾ സ്വാധീനം ചെലുത്തിയിരുന്നെങ്കിലും വാദപ്രതിവാദങ്ങളിലെ ശരിതെറ്റുകൾ ഇഴകീറി പരിശോധിച്ച് വിധി പറയുന്ന നീതിന്യായ സമ്പ്രദായം അന്നത്തെ സമൂഹത്തിന് വളരെ പുരോഗമനാത്മകമായ ഒന്നായി അനുഭവപ്പെട്ടിരുന്നു. കുറ്റകൃത്യങ്ങൾ പോലെ സ്വത്ത് സംബന്ധമായും, പിന്തുടർച്ചാവകാശസംബന്ധമായതുമായ അനവധി പ്രശ്നങ്ങൾക്ക് നീതി കിട്ടാനായി കോടതിയെ സമീപിക്കുന്നവരുടെ എണ്ണം കൂടിവന്നു. കുടുംബഘടനയിൽ പത്തൊമ്പതാം നൂറ്റാണ്ടിനൊടുവിൽ സംഭവിച്ച ഇളക്കിപ്രതിഷ്ഠകളും ഈ ഒരു നീക്കത്തിന് ആക്കം കൂട്ടി. ആദ്യകാലകഥകളിൽ നല്ലൊരു പങ്കിലും നീതിന്യായവുമായി ബന്ധപ്പെട്ട പ്രമേയങ്ങൾ കടന്നുവരാനുള്ള കാരണം ഇതായിരുന്നു. അമ്പാടി നാരായണപ്പൊതുവാളുടെ 'ഉളി പിടിച്ച കൈയ്യ്' (1906), എം.ആർ.കെ.സി.യുടെ 'കണ്ണിപ്പറമ്പിലെ കൊലപാതകൻ (1912) മൂർക്കോത്തു കുമാരന്റെ 'ഒരു മരണപത്രം' (1905), കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'മേനോക്കിയെ കൊന്നതാര്' (1893) എന്നീ കഥകൾ കുറ്റാന്വേഷണം കേന്ദ്രപ്രമേയമായി വരുന്ന കഥകളാണ്, ഒപ്പം കോടതി വ്യവഹാരങ്ങളും അവയിൽ കടന്നുവരുന്നു. അതേപോലെ സി.പി. അച്യുതമേനോന്റെ 'എന്റ ആദ്യത്തെ ഫീസ്' (1894), സി.എസ്. ഗോപാലപ്പണിക്കരുടെ 'നീലം കുറഞ്ഞ കത്ത്' (1903), കെ. സുകുമാരന്റെ 'ഓണക്കാലത്തു കിട്ടിയ സമ്മാനം അഥവാ ആരാന്റെ കുട്ടി' എന്നീ കഥകളുടെ പ്രമേയത്തെ സ്വാധീനിക്കുന്നതും കോടതിവ്യവഹാരങ്ങളാണ്.

പത്തൊമ്പതാം നൂറ്റാണ്ടിനൊടുവിലായി ലണ്ടൻ നഗരത്തിൽ വളർച്ച പ്രാപിച്ച കുറ്റകൃത്യങ്ങളോടുള്ള സാഹിതീയപ്രതികരണം എന്ന നിലയിലാണ് ആർതർ കോനൻ ഡോയ്ലിന്റെ 'ഷെർലക് ഹോംസ് കഥകൾ'എഴുതപ്പെട്ടത് (RaymondWilliams,1996:43) അതുപോലുള്ള കുറ്റാന്വേഷണകഥകൾ വായിച്ച് പ്രചോദിതരായ മലയാളകഥാകൃത്തുക്കൾ നഗരകേന്ദ്രിത കുറ്റാന്വേഷണകഥകൾ കേരളീയമായ സ്ഥലപരിസരത്തിലേക്ക് പരിവർത്തിപ്പിച്ചെടുത്തു. അമ്പാടി നാരായണപ്പൊതുവാളുടെ 'ഉളി പിടിച്ച കയ്യ്' അത്തരമൊരു കഥയാണ്. സൂക്ഷ്മാംശങ്ങളുടെ വിശകലനത്തിലൂടെ കുറ്റവാളിയെ കണ്ടെത്തുന്ന ഷെർലക് ഹോംസ് പദ്ധതികളുടെ പ്രയോഗം ഈ കഥയിൽ കാണാം. കോവിലകം പണിയുന്ന മൂത്താശാരി പറങ്ങോടൻ വീടിന് തീവെച്ച് അയാളെ ചുട്ടുകൊല്ലുന്ന കുറ്റത്തിന് പുതിയ കൊത്തുവാളായ മമ്മദ്ഖാൻ നിരപരാധിയായ കോപ്പനെന്ന ആശാരിച്ചെറുക്കനെ അറസ്റ്റു ചെയ്യുന്നു. എന്നാൽ അനുഭവസമ്പന്നനായ ഉക്കണ്ടക്കുറുപ്പിന്റെ 'ഷെർലക്ക്ഹോംസ് ബുദ്ധി' അവനെ കേസിൽനിന്നും രക്ഷിക്കുന്നു. കുറ്റാന്വേഷണത്തിൽ ശാസ്ത്രീയവിശകലനത്തിന് പ്രാധാന്യം കൊടുക്കുന്ന ഷെർലക്ഹോംസ് മാതൃക പിന്തുടരുമ്പോഴും പഴമയോടുള്ള മമത കഥാകൃത്ത് കൈവിടുന്നില്ല. എം.ആർ.കെ.സിയുടെ 'കണ്ണിപ്പറമ്പിലെ കൊലപാതകൻ' അപസർപ്പകസ്വഭാവമുള്ള കഥയാണ്. ദുർമരണങ്ങളിൽ ഭൂതപ്രേതാദികൾക്കുള്ള പങ്കിനെ തള്ളിക്കളയുകയും പകരം അതിൽ മനുഷ്യന്റെ ദുരൂഹമായ പങ്ക് വെളിപ്പെടുത്തുകയും ചെയ്യുന്ന ഈ കഥ. ദുർമരണങ്ങൾ നടന്ന, ഭൂതപ്രേതാതികളുടെ വിഹാരരംഗമായ കണ്ണിപ്പറമ്പ് വാങ്ങാൻ നാട്ടിൽ ആരും തന്നെ തയ്യാറായിരുന്നില്ല. എന്നാൽ ബ്രിട്ടീഷ് ഗവണ്മെന്റിന്റെ ഉദ്യോഗം ഭരിച്ച കൃഷ്ണൻ നായരും, കോഴിക്കോട് പട്ടണത്തിൽ അരിക്കച്ചവടക്കാരനായ മകൻ അപ്പുണ്ണിമേനോനും കണ്ണിപ്പറമ്പും അവിടത്തെ തറവാടും വിലയ്ക്കുവാങ്ങി അവിടെ താമസിക്കുകയാണ്. നാട്ടുകൂട്ടായ്മയുടെ ഉള്ളിൽ കുടികൊള്ളുന്ന ഭൂതപ്രേതാതികളിലുള്ള വിശ്വാസവും, ഭീതിയും അവരെ ബാധിച്ചിരുന്നില്ല. എന്നാൽ ഒരു രാത്രി കൃഷ്ണൻ നായർ കൊലചെയ്യപ്പെടുന്നു. എന്നിട്ടും അവിടം വിട്ടുപോകാൻ മകൻ തയ്യാറാവുന്നില്ല. ഒടുവിലയാൾ തന്നെ 'കൊലയാളിയെ' പിടികൂടുന്നു. അന്ധവിശ്വാസങ്ങളിൽ കുരുങ്ങിക്കിടക്കുന്ന നാട്ടുമ്പുറജീവിതത്തിൽ യുക്തിപരതയുടെ വെളിച്ചം പരത്തുന്നവരായി നാഗരികരായ കൃഷ്ണൻമേനോനും, കുടുംബവും കഥയിൽ മാറുന്നു. കൊലപാതകവും, കോടതിയും, സ്വത്തുവ്യവഹാരവും കടന്നുവരുന്ന മറ്റൊരു കഥയാണ് 'മരണപത്രം. വെള്ളാട്ടിൽ അപ്പുനമ്പ്യാരുടെയും അയാളുടെ വക്കീലായ

ശങ്കരമേനോന്റെയും മരണകാരണങ്ങളിലേക്കുള്ള അന്വേഷണമാണ് ഈ കഥയെങ്കിലും അതിൽ മക്കത്തായ-മരുമക്കത്തായ പിൻതുടർച്ചാസംഘർഷത്തിന്റെ അടിയൊഴുക്കുകൾ കാണാം. ദായക്രമത്തിലെ വൈരുദ്ധ്യങ്ങളിലേക്ക് ഈ കഥ കടന്നുചെല്ലുന്നുണ്ട്. ഫ്യൂഡൽ കുടുംബഘടനയുടെ അടിസ്ഥാനമായ അമ്മാവൻ-മരുമകൻ ബന്ധത്തെക്കാൾ ആധുനിക കുടുംബഘടനയിലെ പിതൃ-പുത്രബന്ധത്തിനാണ് വൈകാരികദാർഢ്യം കൂടുതലെന്ന ഒരു സാരം ഈ കഥയുടെ ആന്തരികഘടനയിൽ ലയിച്ചിരിപ്പുണ്ട്.പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കളിൽ ഉണ്ടായ പുതിയ ചിന്താഗതിയുടെ പ്രതിസ്ഫുരണം കൂടിയാണ് ഈ കഥ.

കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടേതെന്ന് വിശ്വസിക്കുന്ന 'മേനോക്കിയെ കൊന്നതാര്' എന്ന കഥയും കുറ്റാന്വേഷണവുമായി ബന്ധപ്പെട്ടതാണ്. പോലീസ് അന്വേഷണങ്ങളിലെ പൊള്ളത്തരങ്ങളെ തുറന്നുകാണിക്കുമ്പോഴും, കോടതിയെ അത് ബഹുമാന്യസ്ഥാനത്ത് നിർത്തുന്നു.

### കീഴാള ആധുനികത

നവോത്ഥാനമൂല്യങ്ങളുടെ വെളിച്ചത്തിൽ കീഴാളജനത പുതിയൊരു സാമൂഹ്യാവസ്ഥയെ സ്വപ്നം കണ്ടുതുടങ്ങിയ കാലമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം. ഈ ഒരു സന്ദർഭത്തിൽ എഴുതപ്പെട്ട നോവലുകളിൽ ചിലതെങ്കിലും മതപരിവർത്തനം വഴിയുംമറ്റും സമൂഹത്തിലെ പിന്നോക്ക ജനവിഭാഗത്തിന് കൈവന്ന സമഭാവനയുടെതായ പുതിയ ലോകക്രമത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. എന്നാൽ കഥകളിൽ അത്തരം ശ്രമങ്ങളൊന്നും തന്നെ കാണുന്നില്ല. ചെറുകഥയുടെ രൂപപരമായ പരിമിതിയ്ക്കപ്പുറം ഈ രംഗത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നവരുടെ സംവേദനത്വം അത്തരമൊരു മാറ്റത്തെ തിരിച്ചറിയാൻ തക്കവിധം പരുവപ്പെട്ടുവന്നിരുന്നില്ല. ഇതിന് അപവാദമായിട്ടുള്ളത് മൂർക്കോത്തു കുമാരന്റെ ചില കഥകളാണ്. സമുദായത്തിനുള്ളിലെ താലികെട്ടു കല്യാണം പോലുള്ള ആചാരങ്ങളിലെ ദൂഷിച്ച വശങ്ങളെ മൂർക്കോത്ത് തന്റെ കഥകളിലൂടെ വിമർശിച്ചു. കുമാരനാശാന്റെ പത്രാധിപത്യത്തിൽ നടത്തിയിരുന്ന 'വിവേകോദയം' മാസികയിൽ പ്രസിദ്ധീകരിച്ച 'ഒരൊറ്റ നോക്ക്', 'കൊലയോ ആത്മഹത്യയോ' എന്നീ കഥകൾ ഈ നിലയ്ക്കുള്ളവയാണ്.

### ആധുനിക-പാരമ്പര്യ സംഘർഷങ്ങൾ

ആധുനികജീവിതശൈലികളും, പാരമ്പര്യവും തമ്മിലുള്ള സംഘർഷം നേരിട്ട് ചിത്രീകരിക്കുന്ന കഥയാണ് എം.ആർ.കെ. സിയുടെ 'കാലം പോയ പോക്ക്.' പരിഷ്കാരിയായ വക്കീൽ കൃഷ്ണമേനോൻ സംബന്ധക്കാരനായി വരുന്നതോടെ 'നായർമഠം' തറവാട്ടിലെ ജീവിതരീതികളിലുണ്ടാകുന്ന തകിടം മറിച്ചിലുകളാണ് ഈ കഥയിൽ ഹാസ്യരസം കലർത്തി എം.ആർ.കെ.സി. അവതരിപ്പിക്കുന്നത്. മരുമക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട് 'ഇന്ദുലേഖ'യിൽ നടക്കുന്ന മാധവ-പഞ്ചുമേനോൻ സംവാദത്തിന്റെ ഹാസ്യാനുകരണമാണ് കഥയിൽ എം.ആർ.കെ.സി. അവതരിപ്പിക്കുന്നത്. കൃഷ്ണമേനോന്റെ നിർബ്ബന്ധത്തിൽ പഠിക്കാൻപോയ മരുമക്കൾ പഠിക്കുന്നതിനുപകരം കുട്ടി സായ്പന്മാരായിത്തീരാൻ ശ്രമിക്കുകയാണ്. നാട്ടിലെ പ്രധാന തറവാടായ 'നായർമഠ'ത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ നാടുമുഴുവൻ വ്യാപിക്കുന്നു. ഉടുപ്പിലും, നടപ്പിലും വന്ന പരിഷ്കാരങ്ങൾ നാട്ടിലെ ചാലിയൻ, തട്ടാൻ, ആശാരി, കരുവാൻ തുടങ്ങിയ പാരമ്പര്യതൊഴിൽ കൂട്ടായ്മകളുടെ കാര്യം അവതാളത്തിലാക്കുന്നു. "മായയെ ജയിച്ച മഹാമായക്കാരായ യൂറോപ്യന്മാർക്ക് രാവു പകലാക്കാനും, പകൽ രാത്രിയാക്കാനും പ്രയാസമില്ലെന്ന" (എം ആർ കെ സി, 2005:169) വാദക്കാരനായ കൃഷ്ണമേനോന്റ പരിഷ്കാരം പതുക്കെപതുക്കെ തറവാടിന്റെ അസ്ഥിവാരമിളക്കുന്നു. കാരണവർ രോഗശയ്യയിലാവുന്നു. രോഗശയ്യയിൽവെച്ച് കാരണവർ കൃഷ്ണമേനോന് നൽകുന്ന ഉപദേശം പാരമ്പര്യസമ്പ്രദായങ്ങളെ ചോദ്യംചെയ്ത അന്നത്തെ യുവതലമുറക്കുള്ളതുകൂടിയാണ്. ഒടുവിൽ പരിഷ്കാരിയായ കൃഷ്ണമേനോനിൽ മനപരിവർത്തനം നടത്തി അയാളെ അതിന്റെ ശത്രുവാക്കി മാറ്റി ആധുനികതയുടെമേൽ പാരമ്പര്യത്തിന്റെ വിജയം കഥാകൃത്ത് ആഘോഷിക്കുന്നു.

### പ്രണയമെന്ന ആധുനികതാവ്യവഹാരം

സാമൂഹ്യകൂട്ടായ്മയിലെ കേവലമായ ഒരു ചരം എന്ന നിലവിട്ട് സ്വയം നിർണ്ണയാവകാശമുള്ള വ്യക്തി രൂപപ്പെട്ടുവരുന്നത് ആധുനികതയുടെ സവിശേഷസന്ദർഭത്തിലാണ്. യൂറോപ്യൻ പ്രബുദ്ധതാവാദത്തിന്റെ മാനിഫെസ്റ്റോ എന്നു പറയാവുന്ന 'റെനെ ദെക്കാർത്തെ'യുടെ പ്രസിദ്ധമായ വാചകം, 'ഞാൻ ചിന്തിക്കുന്നു, ആയതിനാൽ ഞാൻ നിലനിൽക്കുന്നു', വ്യക്തിയെ സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്ത് കൊണ്ടുവന്നു.

ആധുനികതയുടെ ചിന്താപദ്ധതികളിൽ വസ്തുവിന്റെ മൗലികഘടകം ആറ്റവും, സമൂഹത്തിന്റെ മൗലികഘടകം വ്യക്തിയും, സ്ഥലത്തിന്റെ മൗലിക ഘടകം സ്വകാര്യസ്വത്തിന്റെ സ്ഥലവും എന്ന നിലയിലേക്ക് മാറുന്നു. പാരമ്പര്യ ഫ്യൂഡൽ സമൂഹത്തിന്റെ പ്രത്യയശാസ്ത്രത്തിൽനിന്നും നേർവിപരീതമായ ഈ ചിന്താപദ്ധതി പൂർവ്വനിശ്ചയമായ സാമൂഹ്യഘടനയിൽ മാറ്റങ്ങൾ ഉണ്ടാക്കി. വ്യക്തിയിൽ പുതിയൊരു സ്വത്വബോധം ഉണർന്നു. അത് ഇവിടെ നിലവിലിരുന്ന സ്ത്രീ-പുരുഷബന്ധങ്ങളിലും പരിവർത്തനങ്ങളുണ്ടാക്കി. സാമൂഹ്യകൂട്ടായ്മയുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് നിശ്ചയിക്കപ്പെട്ട ബന്ധങ്ങൾക്കുപകരം വ്യക്തികൾ സ്വയം നിശ്ചയിച്ചുറപ്പിച്ച ബന്ധങ്ങൾ രൂപപ്പെടാൻ തുടങ്ങി. വൈയക്തികവികാരം എന്ന നിലയിൽ രണ്ടു വ്യക്തികൾ തമ്മിലുള്ള ഇടപാടായ 'പ്രണയം' സവിശേഷാർത്ഥത്തിൽ രൂപപ്പെടുന്നത് അതോടെയാണ്. മാംസനിബന്ധമായ അനുരാഗത്തിന്റെ തലത്തിൽനിന്നും ആദർശാത്മകതലത്തിലേക്ക് അത് മാറ്റി പ്രതിഷ്ഠിക്കപ്പെട്ടു. ഈ ഒരു മാറ്റത്തിന്റെ സൂചന ആദ്യകാല കഥകളിൽ കാണാം. ആദർശാത്മക പ്രണയത്തിന്റെ പുതിയ സാധ്യതകളെക്കുറിച്ച് അന്വേഷിക്കുമ്പോഴും പാരമ്പര്യത്തിന്റെ സ്വാധീനത്തിൽനിന്നും പൂർണ്ണമായും വിമുക്തരാവാൻ കഴിയാത്ത യുവതലമുറയെ കഥകളിൽ കാണാം. പ്രണയികളെ ജാതി-മത-സാമ്പത്തിക വേർതിരിവുകൾക്കപ്പുറം കേവലം പുരുഷനും സ്ത്രീയുമായി കണക്കാക്കുന്ന ആധുനികതയുടെ പുരോഗമനാത്മക ഉൾക്കൊള്ളാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ആദർശാത്മക പ്രണയത്തിന്റെ സാധ്യതകളെ പാരമ്പര്യ പരിഗണനകൾക്കകത്ത് അവർ ഒതുക്കി. അതേപോലെ ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ 'കല്ല്യാണിക്കുട്ടി' (1902). സി.പി. അച്യുതമേനോന്റെ 'എന്റെ ആദ്യത്തെ ഫീസ്' (1894), കെ. നാരായണൻ നമ്പ്യാരുടെ 'കുട്ടികൃഷ്ണമേനോൻ ആത്മഹത്യയ്ക്ക് പുറപ്പെട്ടത്' (1895), അജ്ഞാതകർത്തൃകമായ 'സ്ത്രീസ്വഭാവമാണിത്' (1893) എന്നീ കഥകളിൽ ആദർശപ്രേമത്തിന്റെ ചിത്രീകരണങ്ങൾ കാണാം.

ഒടുവിലിന്റെ 'കല്ല്യാണിക്കുട്ടി'യിൽ മദിരാശിയിൽ പഠിക്കാൻപോയ കൊച്ചുകൃഷ്ണമേനോൻ ബി.എ. കഴിഞ്ഞപ്പോൾ ഒരു ദേശാന്തരയാത്ര വേണമെന്ന് തോന്നി പുറപ്പെടുകയാണ്. രണ്ടു വർഷം കഴിഞ്ഞിട്ടും തിരിച്ചുവരാത്ത മേനോനെയും കാത്തിരിക്കുന്ന കാമുകി കല്ല്യാണിക്കുട്ടിയുടെ ആത്മഗതത്തോടെയാണ് കഥ ആരംഭിക്കുന്നത്. ഭൗതികശരീരത്തിന്മേൽ മനസ്സിനുള്ള പ്രാധാന്യത്തെ തിരിച്ചറിയുന്നവളാണ് കല്ല്യാണിക്കുട്ടി.

"ആരെന്തു പറഞ്ഞാലും ഞാൻ സമ്മതിക്കില്ല. മനുഷ്യന്റെ ദേഹം മുഴുവൻ അന്യാധീനമാണ്. മനസ്സ് മാത്രമേ സ്വാധീനമായിട്ടുള്ളൂ. അതിനെക്കൂടി അന്യാധീനപ്പെടുത്തുവാൻ ഞാൻ വിചാരിക്കുന്നില്ല. സർവ്വഗുണസമ്പന്നനായ ആ മഹാത്മാവിന്റെ അപ്രകാരമുള്ള പ്രേമാതിശയത്തെ ഞാൻ വിസ്മരിക്കയോ? (രവികുമാർ, 1995 :66)

ഈ ഒരു ആഖ്യാനത്തിലൂടെ കഥാകൃത്തിന്റെ പ്രധാന ഉദ്ദേശ്യം ആദർശാത്മക പ്രണയത്തിന്റെ മഹത്വം വെളിപ്പെടുത്തലാണെന്നു കാണാം. പ്രണയത്തിന്റെ ആത്മീയബലം മരണത്തെപ്പോലും ജയിക്കാനുള്ള കരുത്തു നൽകുമെന്ന സന്ദേശമാണ് കഥ നൽകുന്നത്. സ്ത്രീപുരുഷ ബന്ധങ്ങളിൽ ശാരീരികമായ സാധ്യതകൾ മാത്രം അന്വേഷിച്ചിരുന്ന പൂരപ്രബന്ധങ്ങൾ രചിക്കപ്പെട്ട സാംസ്കാരിക സന്ദർഭത്തിന്റെ വിപരീതസ്ഥലിയിലാണ് ഈ കഥയുടെ പ്രമേയം നിലകൊള്ളുന്നത്. വർഷങ്ങളായി അകന്നു കഴിഞ്ഞിട്ടും പ്രണയത്തിന്റെ തീവ്രത കുറഞ്ഞുപോകാതെ സൂക്ഷിക്കുന്ന നായികാനായകന്മാർ മരണമടക്കമുള്ള സകലപ്രതിബന്ധങ്ങളെയും മറികടന്ന് ഒടുവിൽ ഒന്നിക്കുന്നു. ദേശാടനത്തിനു പുറപ്പെട്ട കൊച്ചുകൃഷ്ണമേനോന് 'ഇന്ദുലേഖ'യിലെ മാധ വനെപ്പോലെ ബോംബെയിൽവെച്ച് പുതിയ സൗഹൃദങ്ങളുണ്ടാവുകയും, അത് വലിയ സൗഭാഗ്യങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ബോംബെ, മദ്രാസ്, കൽക്കത്ത എന്നിങ്ങനെയുള്ള ബ്രിട്ടീഷ് കൊളോണിയൽ സ്റ്റേറ്റിന്റെ കേന്ദ്രനഗരങ്ങൾ ആദ്യകാല നോവലുകളിലും, ചെറുകഥകളിലും ഇങ്ങനെ വഴിത്തിരിവുണ്ടാകുന്ന സ്ഥലങ്ങളായി കടന്നുവരുന്നതു കാണാം.

സി.വി. കുഞ്ഞുരാമന്റെ 'എനിക്കു മരിക്കാൻ മതിയായ കാരണമില്ലയോ' (1901) എന്ന കഥ സ്ത്രീയുടെ ചാരിത്ര്യനിഷ്ഠയുടെ മഹത്വം ചിത്രീകരിക്കുന്നു. സ്ത്രീയുടെ ചാരിത്ര്യത്തെക്കുറിച്ചുള്ള കേരളീയ പാരമ്പര്യസമൂഹത്തിന്റെ സങ്കല്പത്തിൽ വൈരുദ്ധ്യ ങ്ങളുണ്ട്. ബഹുഭാര്യാത്വവും, ബഹുഭർത്തൃത്വവും ഒരേപോലെ നടപ്പുണ്ടായിരുന്ന സമൂഹത്തിൽ ഏകപത്നീ സങ്കല്പത്തിനും, സദാചാരത്തിനും വലിയ പ്രാധാന്യമുണ്ടാവാനുള്ള സാധ്യത കുറവാണ്. എന്നാൽ ആചാരവിശ്വാസങ്ങളും, നാട്ടുവഴക്കങ്ങളും സ്ത്രീയുടെ ചാരിത്ര്യത്തിന് വലിയ പ്രാധാന്യം കൊടുക്കുന്നതും കാണാം. പത്തൊമ്പതാം നൂറ്റാണ്ടോടെ വിക്ടോറിയൻ സദാചാര മൂല്യങ്ങളുടെ വ്യാപനം കേരളീയ സമൂഹത്തിലുണ്ടായിട്ടുണ്ട്. ഏകദാമ്പത്യത്തിലധിഷ്ഠിതമായ അണുകുടുംബ സങ്കൽപ്പമായിരുന്നു ആധുനികതയുടേത്. സി.വി.കുഞ്ഞുരാമന്റെ കഥയിലെ നായിക ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവളും സംസ്കൃതകാവ്യങ്ങളടക്കമുള്ള ഭാരതീയപാരമ്പര്യങ്ങളിൽ തികഞ്ഞ

അവബോധമുള്ളവളുമാണ്. അഭ്യസ്തവിദ്യയായ ഒരു ആഭിജാത്യയുവതിയുടെ ചാരിത്ര്യത്തെക്കുറിച്ചുള്ള സങ്കല്പമാണ് ഈ കഥയിൽ വെളിപ്പെടുന്നത്. കോളേജ് വിദ്യാഭ്യാസം നേടിയവനും, സംഗീതത്തിൽ നൈപുണ്യമുള്ളവനും, സുന്ദരനും, സുശീലനുമായ തന്റെ ഭർത്താവിന്റെ ഏറ്റവും വലിയ മഹത്വമായി അവൾ എണ്ണുന്നത് അയാളുടെ ഏകപത്നീവ്രതമാണ്. എന്നാൽ ഭർത്താവിന്റെ അസാന്നിധ്യത്തിൽ അയാളുടെ സുഹൃത്തുമായി ബന്ധപ്പെടേണ്ടിവന്ന നായിക തന്റെ ചാരിത്ര്യഭംഗത്തിലുണ്ടായ പാപഭാരത്താൽ ആത്മഹത്യയ്ക്ക് ശ്രമിക്കുന്നതാണ് കഥാതന്തു. ചാരിത്ര്യഭംഗത്തിന് മരണത്തിൽ കവിഞ്ഞൊരു പരിഹാരമില്ല എന്ന നിലപാടിലാണ് കഥ അവസാനിക്കുന്നത്.

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകവഴി പാശ്ചാത്യരുടെ ജീവിതത്തെയും സംസ്കാരത്തെയുംകുറിച്ച് അറിവുണ്ടായ ഇവിടത്തെ കുലീനവിഭാഗത്തിന് തങ്ങൾക്കിടയിലെ ആചാരാനുഷ്ഠാനങ്ങളിലും വിവാഹബന്ധങ്ങളിലും നിലനിന്നിരുന്ന ജീർണ്ണതകളെക്കുറിച്ച് അപകർഷതയുണ്ടാവുക സ്വാഭാവികമാണ്. വിക്ടോറിയൻ സദാചാരബോധത്തിന്റെ കണ്ണിലൂടെ നോക്കിയപ്പോൾ അവർക്ക് സംബന്ധവിവാഹമടക്കമുള്ള കാര്യങ്ങൾ തീർത്തും സദാചാരവിരുദ്ധമായി തോന്നി. ഫ്യൂഡൽ സമൂഹത്തിലെ വിവാഹരീതികൾ അനുവദിക്കുന്ന പറ്റലൈംഗികതയെ നിരാകരിച്ച് പകരം ഒറ്റയിണ സമ്പ്രദായത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധം വിദ്യാസമ്പന്നരായ യുവാക്കൾക്കുണ്ടായി. കഥയെ അതിനുള്ള ഒരു ഉപാധിയായി സ്വീകരിക്കുകയാണ് സി. അച്യുതമേനോൻ ചെയ്തത്.

## സാങ്കേതികവിദ്യകളുടെ പ്രയോഗം

കൊളോണിയൽ അധികാരികൾ ഇവിടെ അവതരിപ്പിച്ച ആധുനികശാസ്ത്ര സാങ്കേതികവിദ്യകളുടെ വിമോചനപരമായ ദൗത്യത്തെ ആദ്യകാല കഥാകൃത്തുക്കൾ തിരിച്ചറിഞ്ഞിരുന്നില്ല എന്നത് ഒരു സത്യമാണ്. പകരം അവയെ ഒരുതരം പരിഹാസഭാവത്തിൽ നോക്കിക്കാണാനുള്ള ശ്രമമാണ് ഉണ്ടായത്. തോക്ക്, തീവണ്ടി, കമ്പിയില്ലാക്കമ്പി എന്നിങ്ങനെയുള്ള സാങ്കേതിക ഉപകരണങ്ങളെ നേരമ്പോക്കിനുള്ള ഉപാധികളായി കഥകളിൽ ഉപയോഗിച്ചിരിക്കുന്നു. അത്തരം ഉപകരണങ്ങളുടെ സാങ്കേതികത വശമില്ലാത്തവരായ ആൾക്കാർ അവ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന മണ്ടത്തരങ്ങളും, അമളികളും ചിത്രീകരിക്കുന്ന ഒട്ടനവധി കഥകളുണ്ട്. മൂർക്കോത്തു കുമാരൻ, കെ. സുകുമാരൻ, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എന്നിവരുടെ 'നായാട്ടു കഥ'കളിൽ മാരകായുധമായ തോക്ക് ഫലിതമുണർത്തുന്ന ഒന്നായി മാറുന്നു. കേസരിയുടെതന്നെ 'ദ്വാരക' എന്ന കഥയിൽ ശാസ്ത്രസാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൗരാണികകാലത്തേക്ക് മടങ്ങിപ്പോകാനുള്ള വഴികളാണ് ആലോചിക്കുന്നത്. വരുംകാലത്തിലേക്ക് അവരുടെ ദൃഷ്ടി പാഞ്ഞിരുന്നില്ല എന്നതാണ് സത്യം.

പൊതുവെ നോക്കുമ്പോൾ ആദ്യകാലകഥകളിൽ ആധുനികതയുടെ മുദ്രകൾ കാണാമെങ്കിലും അവയുടെ നിലപാട്ടുതറ പാരമ്പര്യത്തിന്റേതായിരുന്നു എന്നു കാണാം. അക്കാലത്തെ കഥാകൃത്തുക്കളിൽ നല്ലൊരു വിഭാഗവും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ പ്രതിനിധികളായിരുന്നു. ഈ വിഭാഗത്തിൽത്തന്നെ പെട്ട നോവലിസ്റ്റുകളുടെ സാമൂഹ്യവീക്ഷണത്തിൽനിന്നും തീർത്തും വ്യത്യസ്തമായ ഒരു നിലപാടായിരുന്നു അവരുടേത്. ആധുനികത സമൂഹത്തിലുണ്ടാക്കിയ ബാഹ്യതല സ്പർശിയായ പരിഷ്കാരങ്ങളിൽ മാത്രമായിരുന്നു അവരുടെ ശ്രദ്ധ. അതിന്റെ ആന്തരികഘടനയെ തിരിച്ചറിഞ്ഞ് ആവിഷ്കാരം നടത്താനുള്ള ശ്രമം അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കേരളത്തിലെ സാമൂഹ്യപരിഷ്ക്കരണശ്രമങ്ങളുടെ സൂചനകളൊന്നും ആദ്യകാല കഥകളിൽ ലഭ്യമാവാത്തതിന്റെ കാരണം മറ്റൊന്നല്ല.

മറ്റൊരു നിലയ്ക്ക് പരിശോധിക്കുമ്പോൾ ചെറുകഥ എന്ന മാധ്യമം ഗൗരവതരമായ സാമൂഹ്യപ്രശ്നങ്ങളെ ആവിഷ്കരിക്കാനുള്ള ഉപാധിയാണ് എന്ന അവബോധം അവർക്കുണ്ടായിരുന്നില്ല എന്നു കാണാം. ഉപരിപ്ലവമായ കാര്യങ്ങളുടെ ആവിഷ്കരണം എന്ന നിലയ്ക്കേ ചെറുകഥയെ അവർ കണക്കിലെടുത്തിരുന്നുള്ളൂ എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈകാലത്തുതന്നെ മലയാളസാഹിത്യത്തിൽ പ്രബലമായിരുന്ന പച്ചമലയാളപ്രസ്ഥാനത്തിന്റെ നേരമ്പോക്കുസ്വഭാവം കഥകളെയും സ്വാധീനിച്ചിരിക്കാം. ജീവിതത്തിന്റെ പുറംമോടികളിൽ അഭിരമിച്ച പച്ചമലയാളപ്രസ്ഥാനത്തിന്റെ അമരക്കാരനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആദ്യകാല ചെറുകഥാകൃത്തുക്കളിൽ ഒരാളായിരുന്നു എന്നത് ആകസ്മികമല്ല.

## സഹായക ഗ്രന്ഥങ്ങൾ

1. അച്യുതൻ, എം (ഡോ), ചെറുകഥ ഇന്നലെ ഇന്ന്; കോട്ടയം: ഡി.സി. ബുക്സ്. 2007.

 ISSN No: 3049-0316



2. എം.ആർ.കെ.സിഎം .ആർ.കെ.സി. കഥകൾ;തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി,2005
3. ബഷീർ, എം.എം (ഡോ), മലയാള ചെറുകഥാ സാഹിത്യചരിത്രം,തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി. 2002
4. പവിത്രൻ, പി,ആധുനികതയുടെ കുറ്റസമ്മതം,കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2000
5. രവികുമാർ, കെ.എസ് (എഡി), ആദ്യകാലകഥകൾ, തൃശ്ശൂർ: കറന്റ് ബുക്സ്, 1995
6. രാജൻ,കെ,ബഹുസാംസ്കാരികതയുടെ ഭൂപടങ്ങൾ ചന്ദ്രിക ആഴ്ചപ്പതിപ്പ്, പുസ്തകം 51, ലക്കം 32, 2005 ഏപ്രിൽ
7. Williams Raymond,The Politics of Modernism,London: Verso,1996